"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോട്ടയം മേഖലയിലെ പത്തനംതിട്ട ഡിപ്പോയിൽ NFSA-യിൽ സീനിയർ അസിസ്റ്റന്റ് I തസ്തികയിൽ ജോലിയിലിരിക്കെ 13/10/2023 ൽ മരണപ്പെട്ട ഹരി എ.-യുടെ മകനായ ശ്രീ ഇന്ദ്രജിത്ത് എച്ച്.-ന് പത്തനംതിട്ട ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.13/2025/F&CS തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-

1. 24/05/1999 തീയതിയിലെ സ.ഉ. (പി) നം. 12/1999/ഉ.ഭ.പ.വ.
2. 03/02/2024 തീയതിയിൽ ശ്രീ ഇന്ദ്രജിത്ത് എച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷ.
3. 29/03/2025-ലെ സ.ഉ. (അച്ചടി) നം. 4/2025/P&ARD
4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 28/04/2025 തീയതിയിലെ DCPTA/2715/2024/S4 നമ്പർ കത്ത്.
5. സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ 26/05/2025 ലെ KSCSC/6652/2024-D6(ADMN) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോട്ടയം മേഖലയിലെ പത്തനംതിട്ട ഡിപ്പോയിൽ NFSA-യിൽ സീനിയർ അസിസ്റ്റന്റ് I തസ്തികയിൽ ജോലിയിലിരിക്കെ 13/10/2023 ൽ മരണപ്പെട്ട ഹരി എ.-യുടെ മകനായ ശ്രീ ഇന്ദ്രജിത്ത് എച്ച്., പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ, പരാമർശം (4) പ്രകാരമുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (5) പ്രകാരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) കേരളാ സിവിൽ സപ്ലൈസ് കോർപറേഷനിൽ 30/05/2001-ൽ സർവ്വീസിൽ പ്രവേശിക്കുകയും, കോട്ടയം മേഖലയിലെ പത്തനംതിട്ട ഡിപ്പോയിൽ NFSAയിൽ സീനിയർ അസിസ്റ്റന്റ് I തസ്തികയിൽ ജോലിയിലിരിക്കെ 13/10/2023-ൽ മരണപ്പെട്ടിട്ടുള്ള ഹരി എ.യുടെ ജനനത്തീയതി 29/05/1967-ഉം, ടിയാന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സേവന ദൈർഘ്യം 22 വർഷവും 4 മാസവും 14 ദിവസവുമാണ്.

3) മരണപ്പെട്ട ഹരി എ.-യുടെ മകനായ ശ്രീ ഇന്ദ്രജിത്ത് എച്ച്., സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പത്തനംതിട്ട ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേയ്ക്കാണ് നിയമനം അഭ്യർത്ഥിച്ചിട്ടുള്ളത്. അപേക്ഷന്റെ ജനനത്തീയതി 10/06/2003-ലും, വിദ്യാഭ്യാസ യോഗ്യത SSLC-യുമാണ്. 13/11/2023 തീയതിയിൽ അങ്ങാടിക്കൽ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ വാർഷിക വരുമാനം 7,88,568/- രൂപയാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് അനുകൂലമായി മൊഴി നൽകിയിട്ടുള്ളതും, ആശ്രിതരെ സംരക്ഷിച്ച് കൊള്ളാമെന്ന് അപേക്ഷകൻ സംരക്ഷണമൊഴി ഹാജരാക്കി യിട്ടുള്ളതുമാണ്. പ്രസ്തുത ജോലിക്കായി നിർദ്ദിഷ്ട യോഗ്യത ആർജിച്ചിട്ടുള്ള അപേക്ഷകന്റെ മറ്റ് അവകാശികളാരും തന്നെ ജോലിയ്ക്കായി അപേക്ഷ സമർപ്പിട്ടില്ലെന്നും പത്തനംതിട്ട ജില്ലാകളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം മേഖലയിലെ പത്തനംതിട്ട ഡിപ്പോയിൽ NFSA-യിൽ സീനിയർ അസിസ്റ്റന്റ് I തസ്തികയിൽ ജോലിയിലിരിക്കെ 13/10/2023 ൽ മരണപ്പെട്ട ഹരി എ.-യുടെ മകനായ ശ്രീ. ഇന്ദ്രജിത്ത് എച്ച്-ന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് സെയിൽസ്മാനായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, പത്തനംതിട്ട ജില്ലയിൽ, നിയമനം നൽകുന്നതിന് സപ്ലൈകൊ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നിയമനാധികാരി, ഇത് നേരിട്ടുള്ള നിയമനം എന്ന രീതിയിൽ, എല്ലാ നടപടിക്രമങ്ങളും പാലിച്ച് കൊണ്ട് ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും, അസ്സൽ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ഐഡന്റിറ്റി ഉൾപ്പെടെയുള്ള പരിശോധനയ്ക്ക് ശേഷം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് യഥാസമയം സർക്കാരിലേയക്ക് ലഭ്യമാക്കേണ്ടതാണ്. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് ലഭിച്ച ശാരീരിക ക്ഷമത സർട്ടിഫിക്കറ്റ്, ഒരു ഗസറ്റഡ് ഓഫീസറിൽ നിന്ന് ലഭിച്ച പെരുമാറ്റ / സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിലും, ജീവനക്കാരൻ അവസാനമായി സേവനമനുഷ്ഠിച്ചിരുന്ന വിഭാഗത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും നിയമന വിവരം രേഖപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാധുവായ അപേക്ഷ തീയതി അടിസ്ഥാനമാക്കി അപേക്ഷകന്റെ നിയമനത്തിനായുള്ള സീനിയോറിറ്റി കണക്കാക്കേണ്ടതാണ്. നിയമനം നൽകി ആറുമാസത്തിനുള്ളിൽ അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യതയുടെ ആധികാരികത നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

6) മേൽ നിയമനം തീർത്തും താൽക്കാലികമായിരിക്കും, എന്തെന്നാൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്തോ, നിയമനം ലഭിച്ച ശേഷം വകുപ്പിൽ നിന്നുള്ള അന്വേഷണ സമയത്തോ, അപേക്ഷകനെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങൾ തെറ്റായി നൽകിയതായോ, മറച്ചു വച്ചതായോ ബോധ്യമാകുന്നപക്ഷം സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ / മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി (അനുബന്ധ രേഖകൾ ഉൾപ്പെടെ)
ശ്രീ ഇന്ദ്രജിത്ത്.എച്ച്. (മാനേജിംഗ് ഡയറക്ടർ മുഖാന്തരം)
ജില്ലാ കളക്ടർ, പത്തനംതിട്ട
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (File No. FCSD-C3/76/2025-FCSD)

ഉത്തരവിൻ പ്രകാരം

Signed by Veena V
Date: 07-07-2025 12:34:19
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.